# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1406 02.05.17 ൽ മറുപടിയ്ക്ക്

**ആംബുലൻസുകൾ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കൽ**

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആംബുലൻസുകൾ സ്ഥിരമായി അപകടത്തിൽപ്പെടുന്നതായുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആംബുലൻസ് അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ആംബുലൻസുകൾ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | ആംബുലൻസുകൾ അടിയന്തര സാഹചര്യങ്ങളിൽ സ്പീഡ് ലിമിറ്റ് ഭേദിച്ച് സർവ്വീസ് നടത്തേണ്ടി വന്നാൽ ലൈറ്റും സൈറണും ഉപയോഗിക്കുന്നത് പ്രസ്തുത വാഹനങ്ങൾ കാരണം അപകടം സംഭവിക്കുന്നത് ഒഴിവാക്കുവാനായാണ്. എന്നാൽ ലൈറ്റും സൈറണും ഉപയോഗിക്കാതേയും സ്വകാര്യ ആവശ്യങ്ങൾക്കും സ്പീഡ് ലിമിറ്റ് ഭേദിച്ച് സർവ്വീസ് നടത്തുന്നതായി കണ്ടാൽ അത്തരക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാൻ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ആംബുലൻസുകൾ അപകടമുണ്ടാക്കിയാൽ ഡ്രൈവർക്കെതിരെ ക്രിമിനൽ കേസ് എടുക്കാൻ കഴിയാത്തതിനാലാണ് അപകടങ്ങൾ ആവർത്തിക്കുന്നത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഇക്കാര്യം വിശദമായി പരിശോധിക്കേണ്ടതായുണ്ട്. |

സെക്ഷൻ ഓഫീസർ